*Malappuram District Police*

**23.10.2017 മലപ്പുറം**

മലപ്പുറം മച്ചിങ്ങലിൽ വാഹന പരിശോധന നടത്തുകയായിരുന്ന ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരെ കയ്യേറ്റം ചെയ്ത കേസിൽ ഒരു പ്രതിയെ മലപ്പുറം പോലീസ് സബ് ഇൻസ്പെക്ടർ വി. കുഞ്ഞിമുഹമ്മദ് അറസ്റ്റ് ചെയ്തു.

മലപ്പുറം ഊരകം സ്വദേശി പരി അബ്ദുറഹ്മാൻെറ മകൻ മുഹമ്മദ് ജസീർ (32 വയസ്സ്) അണ് അറസ്റ്റിലായത്.

കഴിഞ്ഞ ദിവസം രാവിലെ 10.30 മണിയോടെ മലപ്പുറം മച്ചിങ്ങൽ ബൈപ്പാസ് ജംഗ്ഷനിൽ വാഹന പരിശോധന നടത്തുകയായിരുന്ന പോലീസ് സംഘത്തിന് മുന്നിലൂടെ കടന്ന് പോയ പ്രതികൾ സഞ്ചരിച്ചിരുന്ന കാർ പോലീസ് കൈകാണിച്ചിരുന്നില്ല. എന്നിട്ടും കുറച്ച് മാറ്റി വാഹനം നിർത്തി ഇറങ്ങി വന്ന് മുന്നിലൂടെ കടന്ന് പോയ മറ്റൊരു വാഹനം കൈകാണിച്ച് നിർത്താത്തതെന്തേ എന്ന് ചോദിച്ച് പോലീസുദ്യോഗസ്ഥരോട് കയർക്കുകയും ഭീഷണിപ്പെടുത്തുകയും കയ്യേറ്റം ചെയ്യുകയുമായിരുന്നു. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻറ് ചെയ്തു. ഇയാളുടെ സുഹൃത്തായ കൂട്ടുപ്രതി ഒളിവിലാണ്. വൈകാതെ ഇയാളെയും അറസ്റ്റ് ചെയ്യും.